







2025 2026

# Academic Master Plan

**ST. AUGUSTINE'S H S , MARARIKKULAM**

## ആമുഖം

കേരളത്തിന്റെ വിദ്യാഭ്യാസക്കുതിപ്പിനു പിന്നിൽ ത്യാഗപൂർണ്ണമായ ഒട്ടനവധി പ്രവർത്ത നങ്ങളുടെ കൂട്ടായ്മയുണ്ട്. കേരളത്തെ സ്നേഹിച്ച ഭരണാധികാരികൾ, മിഷണറിമാർ, നവോ ദ്ധാന സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, മുന്നാക്ക-പിന്നാക്ക ദളിത് വിഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന സാമൂഹിക നവോദ്ധാന നായകന്മാർ, ഭൂപരിഷ്കരണ നടപടികൾ, ഒരു ജനതയുടെ ഇച്ഛാശക്തിയാൽ നയിക്കപ്പെട്ട സാക്ഷരതാ പ്രവർത്തനം, പണം മുടക്കി വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ മുന്നോട്ടുവന്ന സാമുദായിക പ്രവർത്തകർ, ഏത് പ്രതി കൂല കാലാവസ്ഥയിലും കുഗ്രാമങ്ങളിലും, വിദേശങ്ങളിലും പോയി പട്ടിണിക്കുലിക്ക പണി യെടുത്ത അധ്യാപകരും, മുൻതലമുറയുമെല്ലാം ഒന്നുചേർന്നു പ്രവർത്തിച്ചപ്പോഴാണ് നാം വിദ്യാ ഭ്യാസത്തിൽ മുന്നിലെത്തിയത്. ഇത് നമ്മുടെ അതിജീവന ചരിത്രമാണ് ഇവിടെനിന്നും കൂടു തൽ മികവ് നേടുവാനുള്ള ശ്രമമാണ് നാം ഇപ്പോൾ നടത്തുന്നത്. കേരളത്തിൽ ഇന്ന് പഠന പ്രയാസമുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ എത്തിയിരിക്കുന്നു. ഇടയ്ക്കുവച്ച് സ്കൂളിൽനിന്നും കൊഴിഞ്ഞുപോകുന്നവർ തുലോം വിരളമാണ്. നമ്മുടെ നേട്ടം ഗുണപരമായി ഉയർന്നു വിദ്യാ ഭ്യാസം സാർവ്വത്രീകമായി. എന്നാൽ ഗുണപരമായി ഉയർന്നില്ല ായി ഉയർന്നില്ല എന്ന വിമർശനമാണ് കേരളം നേരിടുന്നത്. കാരണങ്ങൾ ഒട്ടേറെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

- കാലങ്ങളായി ജീർണ്ണിച്ചുകിടക്കുന്ന പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ
- എല്ലാ കുട്ടികളേയും അവരുടെ കഴിവിനും പ്രയത്നത്തിനുമൊത്ത് മികവുള്ളവരാക്കാൻ നടത്തുന്ന പ്രവർത്തനങ്ങളുടെ അപര്യാപ്തത.
- 1000 മുതൽ 1200 പഠന മണിക്കൂർ എന്ന പഠിതാവിന്റെ അധ്യയന അവകാശം സാർത്ഥക മാകാത്ത അവസ്ഥ. അധ്യാപന ശാക്തീകരണ പരിപാടിയുടെ പോരായ്മകൾ
- അന്താരാഷ്ട്ര നിലവാരത്തെക്കുറിച്ചുള്ള അഭിപ്രായമില്ലായ്മ
- ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടും, അൺ എയ്ഡഡ് മേഖലയോടും മധ്യവർഗ്ഗം കാണിക്കുന്ന അതിരുവിട്ട പക്ഷപാതം തുടങ്ങിയവ.
- ഇതിനു പുറമേ വിദ്യാഭ്യാസ രംഗം മറ്റ് പല വെല്ലുവിളികളേയും നേരിട്ടുകൊണ്ടിരിക്കുക യാണ്.
- ഉൾപ്പെടുത്തൽ വിദ്യാഭ്യാസത്തിൽ, ക്ലാസിൽ എത്തിച്ചേരുന്ന ഭിന്നശേഷിയുള്ളവരുടെ എണ്ണക്കൂടുതൽ
- ഭിന്നലിംഗക്കാർ, ഇതര സംസ്ഥാനതൊഴിലാളികളുടെ മക്കൾ എന്നിവർക്കായി ഉദ്ഗ്രഥിത പഠന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ അധ്യാപകർക്കുണ്ടാകുന്ന പ്രയാസങ്ങൾ.

- ആധുനിക സാങ്കേതിക വിദ്യകളുടെ ഉണർവുകളെ ക്ലാസ്സ്മുറികളിൽ എത്തിക്കുമ്പോൾ തദനുസരണമായി ലഭിക്കേണ്ട തുടർ പരിശീലനങ്ങളുടെ അപര്യാപ്തതകൾ,

- പൂർണ്ണമായും ഈ മാറ്റങ്ങളോടുയോജിക്കാത്ത ചില അധ്യാപക സമൂഹങ്ങൾ.
- നവീകരിക്കപ്പെടാത്ത ഭൗതിക സൗകര്യങ്ങൾ തുടങ്ങിയവ.

ഈ പ്രശ്നങ്ങളെല്ലാം ഒറ്റയടിക്ക് ഏറ്റുവാങ്ങേണ്ടിവന്നത് പൊതുവിദ്യാലയങ്ങളാണ്. എന്നാൽ ധനികവർഗ്ഗവിഭാഗം, അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ മറവിൽ ഈ വെല്ലുവിളി കൾക്കുനേരേ ബോധപൂർവ്വം കണ്ണടയ്ക്കുന്നു. പണം മുടക്കി ഭൗതീക സൗകര്യങ്ങളും ആധു നിക വികസനങ്ങളും അവർ ഉണ്ടാക്കുന്നു. പാർശ്വവത്കൃത വിഭാഗങ്ങളെ അവർ തിരസ്കരി ക്കുന്നു. പൊതു സമൂഹത്തിന്റെ ഇടപെടലിലൂടെ അഭിലഷണീയമായ സൗകര്യങ്ങൾ ഒരുക്കി ക്കൊടുത്തുകൊണ്ട് ഇവരെയൊക്കെ നമുക്ക് മുൻനിരയിലേയ്ക്ക് കൊണ്ടുവരാം. അധ്യാപക രുടെ പ്രതിബദ്ധത, വിദ്യാലയത്തിന്റെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഐ.റ്റി അധി ഷ്ഠിത വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കാരണമാകും.

വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തുകവഴി സമൂഹത്തിന്റെ വിശ്വാസ്യത ആർജി ക്കുവാൻ കഴിയും. സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഏവരുടേയും സ്വപ്ന ത്തിലുള്ള ഒരു വിദ്യാലയം യാഥാർത്ഥ്യവത്ക്കരിക്കുവാൻ കഴിയുകയുള്ളൂ. നവകേരള മിഷന്റെ ഭാഗമായി സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, സ്ക്കൂളിന്റെ അക്കാ ദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിനുതകുന്ന സ്കൂൾ സമൂഹത്തിന്റെ (അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, രക്ഷകർത്താക്കൾ, വിദ്യാർത്ഥി കൾ, പൊതുപ്രവർത്തകർ തുടങ്ങിയവർ) സ്വപ്നങ്ങൾ ക്രോഡീകരിച്ചാണ് ഈ വിദ്യാഭ്യാസ വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്.

നവകേരള മിഷന്റെ ഭാഗമായി ഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളെ അടി സ്ഥാനപ്പെടുത്തിയാണ് ഈ വിദ്യാലയ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. മികച്ച വിദ്യാ ഭ്യാസത്തോടൊപ്പം മികച്ച ഭൗതീക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിന് ആവശ്യമായ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇവ പ്രാവർത്തികമായാൽ, മത്സ്യബന്ധന ത്തിലും കയർ, കാർഷിക മേഖലകളിലും മറ്റ് ചെറുകിട ജോലികളിലും ഏർപ്പെടുന്ന വലി യൊരു ജനവിഭാഗത്തിന്റെ സ്വപ്നമാണ് സാക്ഷാത്കരിക്കാൻ പോകുന്നത്. പുതുതലമുറയുടെ ലക്ഷ്യങ്ങളുടെ പൂർത്തീകരണമാണ് സാധ്യമാകുന്നത്.

**<u>നൂറ്റിപതിനെട്ടു വർഷം പിന്നിട്ട നമ്മുടെ വിദ്യാലയത്തിന് ഈ പദ്ധതി അംഗീകരിച്ച് സർക്കാർ സഹായം ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.</u>** അന്താരാഷ്ട്ര നിലവാരത്തിലെത്തുമ്പോൾ, നാടിനും നാട്ടുകാർക്കും അഭിമാനപൂർവ്വമായ ഒരു സ്ഥാപനമായി നമ്മുടെ സ്ക്കൂൾ മാറുമെന്നുറപ്പുണ്ട്. മനോഹരമായ ക്ലാസ് റൂമുകളും, പച്ചപ്പാർന്ന സ്കൂൾ കോമ്പൗണ്ടും, പ്രകൃതി സൗഹാർദ്ദ അന്തരീക്ഷവും, പഠന പുരോഗതിയെ ഉയർത്തുമെന്നത് ഉറപ്പാണ്. കുട്ടികളിലെ ഭിന്നശേഷിക്കാരേയും, പാർശ്വവൽക്കരിക്കപ്പെടുന്ന വരേയും പ്രത്യേക പരിഗണന നൽകുന്ന വിധത്തിലാണ് പദ്ധതികൾ ക്രമീകരിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.

2. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരി ക്കുക.

3. സിന്തറ്റിക് ട്രാക്ക് എന്ന സ്വപ്നം യാഥാർധ്യമാക്കുക

4. കുട്ടികളുടെ കഴിവ്, വിഷയപഠനത്തിൽ മാത്രം കേന്ദ്രീകരിക്കാതെ സർഗ്ഗപരവും, സൃഷ്ട്ടോന്മുഖവുമായ കഴിവുകൾ കൂടി വളർത്തിയെടുക്കുന്ന രീതിയിൽ ക്രമീകരിക്കുക.

5. കൃഷി, മാലിന്യ നിർമ്മാർജ്ജനം എന്നിവയിൽ താത്പര്യമുള്ളവരായി കുട്ടികളെ രൂപ പ്പെടുത്തുക.

6. ക്യാമ്പസതന്നെ പാഠപുസ്തകം എന്ന ആശയം പൂർണ്ണമായി നടപ്പിലാക്കുക.

7. സ്കൂൾ പ്രവർത്തന പരിധിയിലെ, വിദ്യാഭ്യാസ കാലഘട്ടത്തിലുള്ള എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുക.

8. സ്കൂളിൽ എത്തിച്ചേർന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.

9. പഠനബോധന പ്രവർത്തനങ്ങൾ, പാഠ്യേതര മികവുകൾ, മുതലായവ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക.

10. 'പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (ഭിന്നശേഷിക്കാർ, പുള്ളുവർ, ട്രാൻസ്ജൻഡർ, ഇതര സംസ്ഥാനതൊഴിലാളികളുടെ മക്കൾ തുടങ്ങിയവ) പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

11. സ്കൂൾ അങ്കണം ശിശുസൗഹാർദ്ദവും ആകർഷകത്വമുള്ളതുമാക്കുക.

12. ആർ.ടി.ഇ. വിഭാവനം ചെയ്യുന്ന രീതിയിലുള്ള വിദ്യാഭ്യാസം നൽകുക.

13. സ്കൂളിനെ ഒരു ഹയർസെക്കന്ററി വിദ്യാലയമായി ഉയർത്തുക.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ:

- എസ് .ആർ.ജി യോഗത്തിൽ സെൻറ് അഗസ്റ്റിൻസ് എച്ച്.എസ്. മാരാരിക്കുളം ൭ 2035 എന്ന വികസന കാഴ്ചപ്പാട് അവതരിരിക്കലും ചർച്ചയും
- വികസന ആവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം
- സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട്ട രൂപരേഖ എസ്. ആർ.ജി .എസ്. എം .സി , എം. പി ടി .എ
- രാഷ്ട്രീയ സാമദുഹിക സാംസ്കാരിക സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ
- തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിരിക്കൽ
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- പി.ടി.എ. നേതൃത്വത്തിൽ ക്രോഡീ കൃത പദ്ധതി രേഖ തയ്യാറാക്കൽ

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പാഠ്യ പാഠനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾപങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കടപെട്ടവർക്ക് പ്രത്യേകം പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു" എന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കുവാനും വരും തലമുറയ്ക്ക് കൈമാറേ ഭൂമിയിലെ താല്ക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പാരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചലാട് രൂപദ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## സെന്റ് അഗസ്റ്റിൻസ് എച്ച് എസ് മാരാരിക്കുളം

**സ്കൂൾ ചരിത്രം**

ഐതിഹാസിക സമരങ്ങളുടെ നാടായ മാരാരിക്കുളത്ത് ശാന്തി സന്ദേശവുമായി നില കൊള്ളുന്ന സെന്റ് അഗസ്റ്റിൻസ് ദേവാലയത്തോട് അനുബന്ധിച്ചാണ് ഈ വിദ്യാലയത്തിന്റെ ചരിത്രവും നിലകൊള്ളുന്നത്. 1870 ന് മുൻപുതന്നെ ഈ പ്രദേശത്ത് രണ്ടു കുരിശുപുതകൾ ഉണ്ടായിരുന്നതായി ചരിത്രരേഖകൾ പറയുന്നു. ഈ പ്രദേശത്തെ നിവാസികളായ ഈരേശ്ശേരി കുടുംബക്കാരും ആറാട്ടുകുളങ്ങര കുടുംബക്കാരുമായിരുന്നു ഓരോ കുരിശുപുരയുടെയും പ്രാമാ ണികമായ നേതൃത്വം വഹിച്ചിരുന്നത്. വിശ്വാസത്തിന് ഈ കുരിശുപുരകൾ മാത്രം പര്യാപ്ത മല്ലെന്നു മനസ്സിലാക്കിയ ഇരു കുടുംബക്കാരും, പ്രദേശവാസികളും, മറ്റ് അനേകം പേരും ചേർന്ന് ഒരു ദേവാലയം സ്ഥാപിക്കുന്നതിനുള്ള കാര്യം ചിന്തിച്ചുതുടങ്ങി. അപ്രകാരം കൊല്ലവർഷം 1045 കന്നിമാസം 31-ാം തീയതി റവന്യൂ 189 -ാം നമ്പരായി ചേർത്തല ഡിവിഷൻ കച്ചേരി യിൽനിന്നും ഈരേശ്ശേരിൽ ലോനൻ വസ്ത്യന്റെ പേരിൽ ദേവാലയ സ്ഥാപനത്തിനുള്ള അനു വാദം ലഭിക്കുകയുണ്ടായി. ഇങ്ങനെ ക്രമേണ ദേവാലയ പണി പുരോഗമിക്കുകയും 1945 ൽ മാരാരിക്കുളം സെന്റ് അഗസ്റ്റിൻസ് ഇടവക ജന്മമെടുക്കുകയും ചെയ്തു. 1977 ഡിസംബറിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് 550 കുടുംബങ്ങളിലായി 4103 വിശ്വാസികൾ ഈ ചെറിയ ഇട വകയിൽ ഉണ്ടായിരുന്നു. പള്ളിയുമായി ബന്ധപ്പെട്ടാണ് പള്ളിക്കൂടത്തിന്റെ ചരിത്രവും കെട്ടുപി ണഞ്ഞുകിടക്കുന്നത്.
മാരാരിക്കുളം അപ്പർ പ്രൈമറി സ്കൂൾ ഇന്നുകാണുന്ന നിലയിലാകുന്നതിന് പിന്നിൽ ദീർഘമായ ഒരു ചരിത്രമുണ്ട്. ചെത്തിപ്പള്ളിയുടെ തെക്കുവശത്ത് പുത്തൻപുരയ്ക്കൽ കുഞ്ഞു വർക്കി എന്ന വ്യക്തിയുടെ പുരയിടത്തിൽ 1880 ൽ ഒരു ആശാൻ പള്ളിക്കൂടം തുടങ്ങുകയു ണ്ടായി. കുഞ്ഞുകുറുപ്പ് ആശാൻ, താന്നിക്കൽ അന്തോനി ആശാൻ, എന്നിവർ ഇവിടെ പഠിപ്പി ചിരുന്നതായി ചില കാരണവന്മാർ ഇന്ന് ഓർമ്മിക്കുന്നുണ്ട്. പിന്നീട് ഈ വിദ്യാലയം അന്ന് സ്കൂൾ നിൽക്കുന്ന സ്ഥലത്തിന് വടക്കുകിഴക്കായുള്ള കാനാശ്ശേരി ഭാഗത്ത് മാവുകൂട്ടത്തിൽ എന്ന പുരയിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. 1906 ൽ ഈ സ്കൂളിന് സർക്കാരിൽനിന്നും അംഗീ കാരം കിട്ടിയതായി കാണുന്നു. ഈ സ്കൂളിന്റെ ആദ്യമാനേജർ ശ്രീ വിക്ടർ ആറാട്ടുകുളങ്ങര യാണ്. അദ്ദേഹം പിന്നീട് സ്കൂളിന്റെ മാനേജ്മെന്റ് റവ.ഫാ. ജസ്റ്റിൻ കരുമാഞ്ചേരി കച്ചോൺ വികാരിയായിരുന്ന കാലത്ത് പള്ളി കാര്യാലയത്തിലേയ്ക്ക് വിട്ടുകൊടുത്തു. വർദ്ധിച്ചുവരുന്ന കുട്ടികളുടെ എണ്ണം കാരണം സ്കൂൾ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപി ക്കേണ്ടത് അത്യാവശ്യമായി തീർന്നു. ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലം ആറാട്ടുകുളങ്ങര ശ്രീ. കുഞ്ഞവിരാലോനൻ കൊടുത്തതാണ്. നാട്ടുകാരുടെ ഉദാരപരമായ സഹകരണത്തിൽ തെക്കുവടക്കായി നിൽക്കുന്ന കെട്ടിടം പണികഴിപ്പിക്കപ്പെട്ടു. 1955 ആഗസ്റ്റ് 15 ന് തെക്കുവശത്ത് 112x20 വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിന്റെ ശിലാസ്ഥാപനം അഭിവന്ദ്യ ആലപ്പുഴ മെത്രാൻ നിർവ്വഹിച്ചതോടെ ഒരു അപ്പർ പ്രൈമറി സ്കൂളിന്റെ സാധ്യത തെളിഞ്ഞുവരികയായി. 1957 ജൂൺ 25 ന് യു.പി. ആയി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് ഡിപ്പാർട്ട്മെന്റിൽനിന്ന് ലഭിച്ചു. 1976 -ൽ വടക്കുവശത്തായി കിഴമേൽ 120x20 വിസ്തീർണ്ണത്തിൽ മറ്റൊരു കെട്ടിടംകൂടി പണിയുക യുണ്ടായി. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ നസ്രാണിഭൂഷണ സമാജത്തിൻന്റെ ഗണ്യമായ സഹായമുള്ളതായി കാണുന്നു. 1982-ൽ ഹൈസ്കൂളായി ഈ വിദ്യാലയം ഉയർത്തപ്പെട്ടു.

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില് | : | ആലപ്പുഴ |
| 2. സ്കൂൾ കോഡ് | : | 34003 |
| 3. സ്കൂളിന്റെ പേര് | : | സെന്റ് അഗസ്റ്റിൻസ് എച്ച് എസ് മാരാരിക്കുളം |
| 4. മേൽവിലാസം | : | മാരാരിക്കുളം നോർത്ത് |
| 5. പിൻകോഡ് | : | 688523 |
| 6. ഫോൺ നമ്പർ | : | +91 9495440883 |
| 7. ഇ-മെയിൽ അഡ്രസ് | : | 34003alppuzha@gmail.com |
| 8. ഗ്രാമ പഞ്ചായത്ത് | : | മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്ത് |
| 9. വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| 10.സബ്ജില്ല | : | ചേർത്തല |
| 11. ക്ലാസുകൾ | : | 1 മുതൽ 10 വരെ |
| 12. മാനേജ്മെന്റ് | : | എയ്ഡഡ് |
| 13. പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

## മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രപോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി ആധുനികവത്കരിക്കൽ
- പ്രതിഭാപോഷണ പരിപാടി
- ജൈവ വൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- പഠനയാത്രകൾ,സെമിനാറുകൾ
- കലാ-കായികമേള
- ഐ.ടി. പരിശീലനം
- അദ്ധ്യാപകശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
- സ്കൂൾ പത്രം/മാസിക
- പ്രവൃത്തി പരിചയപഠനം
- ഒന്നാം ക്ലാസ്സ് ഒന്നാംതരം
- എസ്.ആർ.ജി. ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- രചനാശില്പശാല,അഭിമുഖങ്ങൾ
- അഭിമുഖങ്ങൾ,മെഡിക്കൽ ക്യാമ്പ്
- പോഷകാഹാര പരിപാടി
- ഗണിതലാബ്,ഭാഷാലാബ്
- ബ്ലോഗ്
- ടേം മൂല്യനിർണയം
- ദിനാചരണം
- കായിക പാഠം
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
- കുട്ടി റേഡിയോ

### സാമൂഹികം

- പിടിഎ ശക്തിപ്പെടുത്തൽ
- എസ്.എം.സി.,
- എസ്.എം.ഡി.സി.
- കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസനസമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ,
- സന്നദ്ധസംഘടനകൾ,
- വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ,
- സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ്സ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ
- പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.
- റിസോഴ്സ് മാപ്പിംഗ്
- പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം.
- പ്രാദേശിക പി.ടി.എ.
- ഭവന സന്ദർശനം

### ഭൗതികം

- ചിൽഡ്രൻസ് പാർക്ക്
- ക്ലാസ്സ് മുറികൾ
- ഓഫീസ് മുറി
- സ്റ്റാഫ് മുറി
- വിശ്രമമുറി
- കമ്പ്യൂട്ടർ റൂം
- മൾട്ടിമീഡിയ റൂം
- AI സാങ്കേതിക വിദ്യ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
- ലൈബ്രറി
- അടുക്കള
- ഡൈനിംഗ് ഹാൾ
- അസംബ്ലി ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയിലറ്റ്
- ലബോറട്ടറി
- ജന്മദിനത്തിനൊരു പുസ്തകം.
- ചിത്രരചന
- എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം
- എന്റെ ചെടി എനിക്കും പറയാനുണ്ട്
- ഭാഷോത്സവം
- ഗണിതോത്സവം
- മെട്രിക് മേള

# പദ്ധതി വിശദാംശങ്ങൾ

**പ്രവർത്തനം 1**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | - - |

**പ്രവർത്തനം 2**
**പേര് : ഇംഗ്ലീഷ് ഡയറി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - - |

**പ്രവർത്തനം 3**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. skit, conversation, drama etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |

പ്രവർത്തനം 4

പേര് : പ്രസംഗ തർജ്ജമ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 5

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം 7

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭനവസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 8

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | - - |

പ്രവർത്തനം 9

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | | 10000/- |

പ്രവർത്തനം 10
പേര് : രചനാ ശില്പശാല
ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 11
പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം
ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, എസ്.ഐ. റ്റി.സി. | - - |

പ്രവർത്തനം 12
പേര് : സർഗ്ഗ സല്ലാപം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. & പി.ടി.എ. | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 13

പേര് : പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. | 5000/- |

പ്രവർത്തനം 14

പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി. | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 15

പേര് : സ്കൂൾ വിഷൻ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി.കളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേക്ഷണം. അസംബ്ലി, പൊതുപരിപാടികളുടെ സംപ്രേക്ഷണം. | എല്ലാ ദിവസവും ഇടവേള കളിൽ | എസ്.ആർ.ജി. | 50,000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 15a

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | – – |

പ്രവർത്തനം 16

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | |

പ്രവർത്തനം 17

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | – – |

പ്രവർത്തനം 18

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം 19

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനം 20

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി.) |

പ്രവർത്തനം 21

**പ്രവർത്തനത്തിന്റെ പേര് :** പ്രതിഭാപോഷണ പരിപാടി

**മേഖല/ഉപമേഖല :** അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 22

**പ്രവർത്തനത്തിന്റെ പേര് :** ശാസ്ത്രയാത്രകൾ (Field Trips)

**മേഖല/ഉപമേഖല :** അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം 23

**പേര് :** മേളകൾ

**മേഖല/ഉപമേഖല :** അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 24

**പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 25

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം 26

**പേര് : മേളകൾ**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 27

പേര് : സാമൂഹ്യ ശാസ്ത്രലാബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.റ്റി.എ.) |

പ്രവർത്തനം 28

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 29

പേര് : ഡിബേറ്റ് ക്ലബ്ബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം 30

പേര് : മോക്ക് പാർലമെന്റ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | - - |

പ്രവർത്തനം 31

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം 32

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസ ങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം 33

**പേര്** : **രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ**

**മേഖല/ഉപമേഖല** : **അക്കാദമികം / ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്.എസ്.ജി.) |

പ്രവർത്തനം 34

**പേര്** : **കലാമണ്ഡപം**

**മേഖല/ഉപമേഖല** : **അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | 200000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 35

**പേര്** : **ചിത്രരചനാക്കളരി**

**മേഖല/ഉപമേഖല** : **അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യേ വേനൽ അവധി ക്കാലം (5 ദിവസം) | എസ്.ആർ.ജി. | 10000/- |

പ്രവർത്തനം 36

പേര് : **കായിക പരിശീലനം**

മേഖല/ഉപമേഖല : **അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ. കായിക അദ്ധ്യാപകൻ | 10000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം 37

പേര് : **കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ**

മേഖല/ഉപമേഖല : **അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തി ലേയും മത്സരങ്ങ ൾക്കുശേഷം | എച്ച്. എം. കായിക അദ്ധ്യാപകൻ | 5000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം 38

പേര് : **മെഡിക്കൽ ക്യാമ്പ്**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷ ത്തിൽ ഒന്നു വീതം | എച്ച്. എം. പി.ടി.എ. | 10000/- (പി.ടി.എ.) |

പ്രവർത്തനം 39

പേര് : **പച്ചക്കറിത്തോട്ടം**

മേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. എസ്.എസ്. ജി. | 5000/- (കൃഷിവകുപ്പ്) |

പ്രവർത്തനം 40

പേര് : ജൈവ വൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദ മായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി. | 25000/- (എസ്.എസ്.എ.) |

പ്രവർത്തനം 41

പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 42

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസ ങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | 50000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 43

പേര് : സമഗ്ര പോർട്ടൽ ശില്പശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | it @ സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി. യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ. സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം 44

പേര് : ലോകസഞ്ചാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീ കരിക്കണം. ദിവസവും ദിന പത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം | എസ്.ആർ.ജി. | — |

പ്രവർത്തനം 45

പേര് : ചരിത്ര കലണ്ടർ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി. | — |

പ്രവർത്തനം 46
പേര് : 100 കവികൾ 100 കവിതകൾ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവ ചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | — |

പ്രവർത്തനം 47
പേര് : എംബ്ലം പുരാണം
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ, വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കുട്ടികൾ ശേഖരിക്കണം. ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം/പദ്ധതി അവയുടെ പ്രവർത്തനം എന്നിവ എംബ്ലത്തിന് താഴെയായി എഴുതി തയ്യാറാക്കണം | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.എസ്.ജി. | — |

പ്രവർത്തനം 48
പേര് : നിശാപാഠശാല
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താം ക്ലാസ്സിലെ കുട്ടികൾക്ക് രാത്രി കാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടുനിൽക്കന്ന രാത്രികാല പരിശീലനം പി.ടി.എ. പ്രതിനിധികളും അദ്ധ്യാപകരും പാഠശാലയ്ക്ക് നേതൃത്വം നൽകണം ഭക്ഷണം നൽകണം | പ്രതിവർഷം ഒരു മാസം | പി.ടി.എ. എസ്.ആർ.ജി. | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 49

പേര് : ചുറ്റുമതിൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | ഒരു വർഷം | പി.ടി.എ. ലോക്കൽ മാനേജ്മെന്റ് BEAD | 10 ലക്ഷം BEAD ലോക്കൽ മാനേജ്മെന്റ് |

പ്രവർത്തനം 50

പേര് : കവാടം, പടിപ്പുര

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ | ഒരു വർഷം | പി.ടി.എ. ലോക്കൽ മാനേജ്മെന്റ് BEAD | 3 ലക്ഷം ലോക്കൽ മാനേജ്മെന്റ് BEAD |

പ്രവർത്തനം 51

പേര് : പുതിയ മന്ദിരം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം. | രണ്ടു വർഷം | പി.ടി.എ. | 65 ലക്ഷം |

പ്രവർത്തനം 52

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. മുറ്റം ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | രണ്ടു വർഷം | പി.ടി.എ. | 65 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം 53

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ. | 5 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം 54

പേര് : ശൗചാലയ സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. | 10 ലക്ഷം ഗ്രാമ പഞ്ചായത്ത് |

പ്രവർത്തനം 55

പേര് : പ്രീപ്രൈമറി & ലാബ് സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീ-പ്രൈമറി & ലാബ മന്ദിരസമുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം | രണ്ടു വർഷം | പി.ടി.എ. BEAD ലോക്കൽ മാനേജ്മന്റ് | 80 ലക്ഷം ലോക്കൽ മാനേജ്മന്റ് BEAD |

പ്രവർത്തനം 56

പേര് : മൈതാന നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളൊരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. BEAD | 80 ലക്ഷം എം എൽ എ ഫണ്ട് |

പ്രവർത്തനം 57

പേര് : UP, HS സ്റ്റാഫ് റൂം നിർമ്മാണ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | UP,HS വിഭാഗത്തിന് പ്രത്യേകം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ വിശാലമായ സ്റ്റാഫ് റൂം ഒരുക്കൽ | ഒരു വർഷം | പി.ടി.എ. ലോക്കൽ മാനേജ്മന്റ് | 5 ലക്ഷം BEAD |

പ്രവർത്തനം 58

പേര് : HM റും നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | കുട്ടികളെ ശ്രദ്ധിക്കാൻ കഴിയുന്ന വിധത്തിൽ ആധുനിക സൗക ര്യങ്ങളുള്ള HM റും നിർമ്മാണം | ഒരു വർഷം | പി.ടി.എ. ലോക്കൽ മാനേജ്മന്റ് BEAD | 5 ലക്ഷം BEAD ലോക്കൽ മാനേജ്മന്റ് |

പ്രവർത്തനം 59
പേര് : യോഗ പരിശീലന കേന്ദ്രം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | പി.ടി.എ. | 2 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 60
പേര് : എച്ച്.എസ്. വാഹന ഷെഡ്
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിംഗ് | ജൂബിലി മെമ്മോറിയൽ സ്റ്റേജിനു കിഴക്കുവശം വാഹന ഷെഡ് നിർമ്മിക്കൽ | 1 വർഷം | പി.ടി.എ. | 2 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം 61
പേര് : നീന്തൽക്കുളം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത, സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽക്കുളം നിർമ്മിക്കൽ അവധി ദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമൂഹത്തിനും പരിശീലനത്തിന് അവസരം നൽകാം. | ഒരു പ്രാവശ്യം | പി.ഇ.റ്റി. അദ്ധ്യാപകൻ പി.ടി.എ. | 50 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 62
പേര് : ജനറേറ്റർ സ്ഥാപിക്കൽ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ്സ് റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ. | 20 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം 63
പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, റ്റി.സി. രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്. എം., ക്ലർക്ക് എസ്.ആർ.ജി. കൺവീനർ | 5 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 64
പേര് : മാലിന്യ സംസ്ക്കരണം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി. | 1 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം 65

പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം |

പ്രവർത്തനം 66

പേര് : ടൂൾ കിറ്റ്, പണിയായുധങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ. സ്റ്റാഫ് സെക്രട്ടറി | 10,000/- (പി.ടി.എ.) |

പ്രവർത്തനം 67

പേര് : സൗരോർജ്ജപാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ. | 10 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 68
പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയ ത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷ ത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി., ഒ.എസ്.എ. | 5000/- |

പ്രവർത്തനം 69.
പേര് : പൂർവ്വാദ്ധ്യാപക സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10,000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം 70.
പേര് : അങ്കണവാടി കലോത്സവം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ട വർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരി സരത്തുള്ള അങ്കണവാ ടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടി പ്പിക്കൽ, വിരുന്നു നൽകൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 10,000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം 71

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി., എസ്.ആർ.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം 72

പേര് : പഠനക്കൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. ഞായറാഴ്ചകളിൽ പതിവായി ക്ലാസ്സ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ | ഓരോ ടേമിലും ഒന്നു വീതം മികവുകളുടെ അവതരണം. ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | എസ്.ആർ.ജി. പി.ടി.എ. എസ്.എസ്.ജി., | 5,000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 73

പേര് : രക്ഷിതാക്കൾക്ക് ഇ-സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ / അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | എച്ച്.എം. ഐ.ടി.@ സ്കൂൾ എസ്.ഐ.റ്റി.സി. | - |

പ്രവർത്തനം 74
പേര് : പി.എസ്.സി. കോച്ചിംഗ് ക്ലാസ്സ്
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിൽ പി.എസ്.സി.യ്ക്ക് വിവിധ തസ്തികകളിൽ ജോലി തേടുന്നവർക്ക് കോച്ചിംഗ് ക്ലാസ്സ് | എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിനങ്ങളിലും | പി.ടി.എ. | - |

പ്രവർത്തനം 75
പേര് : വായനാക്കൂട്ടം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രറേറിയൻ | - |

പ്രവർത്തനം 76
പേര് : സ്റ്റാർട്ട് അപ്സ്
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തവും വരുമാനവും വർദ്ധിപ്പിക്കൽ | M PTA നേതൃത്വത്തിൽ ഉത്പാദന യൂണിറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ ആരംഭിക്കൽ (എൽ.ഇ.ഡി. ബൾബ്, റബ്ബർബാന്റ്, പേപ്പർ കവർ, സേവന കേന്ദ്രങ്ങൾ) | ഒരു പ്രാവശ്യം | പി.ടി.എ. | 5 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 77

പേര് : പി.ടി.എ./എം.പി.ടി.എ. സർഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക | പി.ടി.എ., മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എം.പി.ടി.എ. എസ്.ആർ.ജി. | 10000/- പി.ടി.എ. ഫണ്ട് |

പ്രവർത്തനം 78

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി, സ്കൂൾ പാർലമെന്റ് | - |

പ്രവർത്തനം 79

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി. | 5000/- (പി.ടി.എ. ഫണ്ട്) |

പ്രവർത്തനം 80
പേര് : പുസ്തക പ്രചരണം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ. ധനസമാഹരണ മാർഗ്ഗം | ജെ.ആർ.സി. കുട്ടികൾ, അദ്ധ്യാപകർ, പി.ടി.എ. കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ചെറുഗ്രൂപ്പ് മുൻകൂട്ടി വാങ്ങിയ വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ വിറ്റഴിക്കൽ. കമ്മീഷൻ വിദ്യാലയ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ | മദ്ധ്യവേനൽ അവധി ക്കാലം | ജെ.ആർ.സി. സ്റ്റാഫ് കൗൺസിൽ പി.ടി.എ. | – |

പ്രവർത്തനം 81
പേര് : പുസ്തക പ്രസിദ്ധീകരണവും വിറ്റഴിക്കലും
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ/കവിത/ കാർട്ടൂൺ/കഥാപ്രസംഗം തുടങ്ങിയ വിവിധ സാഹിത്യസൃഷ്ടികൾ എസ്.ആർ.ജി.യുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണയോഗ്യമായവ തെരഞ്ഞെടുക്കൽ. അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, വിറ്റഴിക്കൽ, അച്ചടിച്ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക പുതിയ പുസ്തക ങ്ങൾ വാങ്ങുവാൻ ഉപയോഗിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി. പി.ടി.എ. | 10,000/– (പരസ്യം) |

പ്രവർത്തനം 82
പേര് : സ്കൂൾ കലണ്ടർ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്ആർജി പി.ടി.എ. | 10,000/– (പരസ്യം) |

പ്രവർത്തനം 83

പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം | അവധി ദിവസങ്ങളിൽ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ. അദ്ധ്യാപകരും മുൻ അദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം. ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന നാമമാത്ര ഫീസ് അക്കാദമിക് ആവശ്യങ്ങൾക്ക് വിനിയോഗിക്കൽ | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി.<br>പി.ടി.എ. | 10,000/-<br>(പരസ്യം) |

പ്രവർത്തനം 84

പേര് : എൻട്രൻസ് കോച്ചിംഗ്

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ സാമൂഹിക ബന്ധം വളർത്തൽ | വിരമിച്ച എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി അവധി ദിവസങ്ങളിൽ എൻട്രൻസ് പരിശീലനം | അവധി ദിവസങ്ങൾ | എസ്.എസ്.ജി. | — |

പ്രവർത്തനം 85

പേര് : ഗ്രാമപത്രം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപ്പെടുത്തി യിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതു വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | പ്രതിദിനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | 5000/- (ഒ.എസ്.എ.) |

പ്രവർത്തനം 86

പേര് : കാരണവക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു | വർഷത്തിൽ ഒന്നു വീതം | ഒ.എസ്.എ. എസ്.ആർ.ജി. | — |

2030 ൽ മാരാരിക്കുളം സെൻറ് അഗസ്റ്റിൻ ഹൈസ്കൂളിനെ ആലപ്പുഴ ജില്ലയിലെ വിദ്യാലയങ്ങളുടെ മുൻനിരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് അക്കാദമികവും ഭൗതീകവും സാമൂഹികം എന്നീ മേഖലകളിൽ ഊന്നൽ നൽകി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുകയും അത് വഴി ഈ നാടിന്റെ പുരോഗതിക്കായി സംഭാവന നൽകുകയുമാണ് ലക്ഷ്യം നമ്മുടെ വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഈ വികസനരേഖ സഹായിക്കും എന്ന് വിശ്വസിക്കുന്നു.

കൂടാതെ, വിദ്യാർത്ഥികൾക്ക് പിന്തുണയും സമ്പന്നമായ പഠന അന്തരീക്ഷവും സൃഷ്ടിക്കുന്നതിനായി സ്കൂളുകൾ, രക്ഷിതാക്കൾ, പ്രാദേശിക സംഘടനകൾ എന്നിവരുമായി ശക്തമായ സഹകരണം വളർത്തുന്നതിനും ഈ മാസ്റ്റർ പ്ലാൻ ഊന്നൽ നൽകുന്നു."

അധ്യാപകർക്ക് തുടർച്ചയായ പരിശീലനം നൽകുന്നതിലൂടെയും നൂതന പഠനരീതികൾ സമന്വയിപ്പിക്കുന്നതിലൂടെയും, ഞങ്ങളുടെ അദ്ധ്യാപകർക്ക് 21-ാം നൂറ്റാണ്ടിലെ കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായിക്കുകയും, വിദ്യാർത്ഥികളെ അക്കാദമിക വിജയത്തിന് മാത്രമല്ല, ഭാവിയിലെ തൊഴിൽ മേഖലയ്ക്കും ഉത്തരവാദിത്തമുള്ള പൗരന്മാരാക്കാനും പ്രാപ്തരാക്കും എന്ന് ഞങ്ങൾ വിഭാവനം ചെയ്യുന്നു.

അന്തിമമായി, ഈ കാഴ്ചപ്പാടിന്റെ വിജയകരമായ നടപ്പാക്കൽ നമ്മുടെ ജില്ലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക മാത്രമല്ല, സംസ്ഥാനത്തുടനീളമുള്ള വിദ്യാഭ്യാസ മികവിന് ഒരു മാതൃകയായി വർത്തിക്കുകയും, സമാനമായ സംരംഭങ്ങൾക്ക് പ്രചോദനം നൽകുകയും അടുത്ത തലമുറയ്ക്ക് ശോഭനമായ ഭാവിക്ക് സംഭാവന നൽകുകയും ചെയ്യും.

========================= thank you=============================